Draft #1 of File 3544/AD A1-1/2022/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 30-Jan-2022 04:24 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 3544/AD A1-1/2022/എ ഡി എ 1 തീയതി: 30.01.2022

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സർക്കുലർ**

വിഷയം:- സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവർ ഓപ്ഷൻ ഫോം സമർപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെയും അദ്ധ്യാപകരുടേയും സേവനപുസ്തകം / GER കൈകാര്യം ചെയ്യുന്ന സെക്ഷനുകൾക്ക് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1.സർക്കാർ ഉത്തരവ് (പി) നം. 20/2013/ധന., തീയതി 07.01.2013.
2.സർക്കാർ ഉത്തരവ് (പി) നം. 209/2013/ധന., തീയതി 07.05.2013.
3.സർക്കാർ ഉത്തരവ് (പി) നം. 279/2014/ധന., തീയതി 14.07.2014.
4.സർക്കുലർ നം. 65/2015/ധന., തീയതി 04.07.2015.
5.സർക്കാർ ഉത്തരവ് (പി) നം. 7/2018/ധന., തീയതി 12.01.2018.

01.04.2013 -ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന, കെ.എസ്. ആർ ഭാഗം III പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്ന വിഭാഗങ്ങളിൽ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സൂചന (1) പ്രകാരം, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതേ സമയം സൂചന (2) ഉത്തരവ് പ്രകാരം 01.04.2013 ന് മുൻപ് സർക്കാർ വകുപ്പിൽ ഏതെങ്കിലും തസ്തികയിൽ നിയമിക്കപ്പെടുകയും തുടർന്ന് 01.04.2013 ന് ശേഷം മറ്റൊരു വകുപ്പിൽ നിയമനം ലഭിക്കുന്നവർക്കും, സൂചന(3) ഉത്തരവ് പ്രകാരം 01.04.2013 ന് മുൻപ് KSR ഭാഗം III പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിരിക്കുന്ന സർക്കാർ പൊതുമേഖല/എയ്ഡഡ്/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പിന്നീട് പുതിയ ജോലിയിൽ പ്രവേശിക്കുന്ന സമയത്തും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ചിട്ടുള്ളതാണ്.

പ്രസ്തുത ആനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാർ സൂചന (4) സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കണം പുതിയ ജോലിയിൽ പ്രവേശിക്കേണ്ടത് എന്ന് മാത്രമല്ല മേൽ പരാമർശിച്ചിരിക്കുന്ന ഉത്തരവുകളിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിനായി ബന്ധപ്പെട്ട നിയമനാധികാരിക്ക് ഓപ്ഷൻ ഫോം സമർപ്പിക്കേണ്ടതാണ്.

.	നിശ്ചിത സമയപരിധിയ്ക്കകം ഓപ്ഷൻ സമർപ്പിക്കാത്തതിനാൽ ടി സ്കീമിൽ തുടരാനാകാത്ത സാഹചര്യം ഒഴിവാക്കുന്നതിനായി ടി വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ സൂക്ഷ്മത പുലർത്തണമെന്നും, KSR, ഭാഗം III, ചട്ടം 146-ന് ചുവടെയുള്ള സർക്കാർ തീരുമാനപ്രകാരം ഓഫീസ് തലവനോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ സേവന പുസ്തകങ്ങളുടെ വാർഷിക പരിശോധന നടത്തുന്ന വേളയിൽ ഇത്തരത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവന പുസ്തകത്തിൽ ഓപ്ഷൻ ഫോം പതിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും നിയമനാധികാരികൾക്ക് നിർദേശം നൽകി സൂചന (5) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, സർവകലാശാലയിൽ ഇനിയും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിനായി നിയമനാധികാരിയ്ക്ക് ഓപ്ഷൻ ഫോം സമർപ്പിച്ചിട്ടില്ലാത്തവർ ഉണ്ടെങ്കിൽ ആയത് കണ്ടെത്തുന്നതിന് ഇപ്രകാരമുള്ള പരിശോധന ആവശ്യമാണ്. ഇതിനായി, മേൽ പരാമർശിച്ച പ്രകാരം, സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിന് അർഹതയുള്ള ജീവനക്കാരുടെയും അദ്ധ്യാപകരുടേയും സേവനപുസ്തകം/GER കൈകാര്യം ചെയ്യുന്ന സെക്ഷനുകൾ ഇത് സംബന്ധിച്ച് ആവശ്യമായ ഓപ്ഷൻ ഫോം/സർവ്വകലാശാല ഉത്തരവ് ടിയാളുകളുടെ സേവനപുസ്തകം/GER-ൽ പതിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**രമേഷ് ആർ**

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1.സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ

2.വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ.

4.ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)

5. എഡി.സി. 1/2/3/ഓഡിറ്റ് 2/3/ പബ്ലിക് റിലേഷൻസ് ഓഫീസർ/FCC/എഡി.എ5/8/10

6. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി./IT CELL/ഫിനാൻസ് 1/2/3

7.നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 3544/AD A1-1/2022/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 30-Jan-2022 04:24 PM - Page 2